DESPATCHED
On. 22/06/2020
10/2/2

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2730*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16703**/*എസ്.ഐ.സി-ജി 6/14)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി പ്രഷീജ കെ.പി.,
അക്കാദമി ഫോർ ബ്രിട്ടീഷ് ഇംഗ്ലിഷ്,
കാസമറിന കോംപ്ലക്സ്, തളാപ്പ്,
കണ്ണൂർ – 2. } അപ്പീൽ ഹർജിക്കാരി

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡി.വൈ.എസ്.പി. (ഭരണം),
കണ്ണൂർ ജില്ലാ പോലീസ്,
കണ്ണൂർ.

2. അപ്പീൽ അധികാരി&
ജില്ലാ പോലീസ് മേധാവി,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
കണ്ണൂർ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | – |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.10.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.10.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 28.10.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി പ്രഷീജ കെ.പി., 23.10.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 28.10.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2730(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 12.08.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 13.10.2014ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 11.12.2014ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരി ടിയാളുടെ സ്ഥാപനത്തിലെ ബോർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നൽകിയ പരാതി അന്വേഷണത്തിനായി കണ്ണൂർ ഡി.വൈ.എസ്.പി.യ്ക്ക് നൽകിയിട്ടുള്ളതും ടി പരാതിയുടെയും അനുബന്ധ രേഖകളുടെയും ടി വിഷയത്തിൽ കണ്ണൂർ ഡി.വൈ.എസ്.പി.യ്ക്ക് ലഭിച്ച വക്കീൽ നോട്ടീസിന്റെയും പരാതിയിൽ എടുത്ത നടപടികളുടെയും പകർപ്പുകൾ നൽകുവാൻ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിൽ ഡി.വൈ.എസ്.പി.യ്ക്ക് ലഭിച്ച വക്കീൽ നോട്ടീസിന്റെ പകർപ്പ് ഒഴികെ മറ്റു വിവരങ്ങൾ തപാൽ മാർഗ്ഗം ടിയാൾക്ക് അയച്ചുകൊടുത്തുവെന്നാണ്. വക്കീൽ നോട്ടീസ് വിവരാവകാശ നിയമത്തിലെ വകുപ്പ് 8(ജി) പ്രകാരം അയച്ചു നൽകുവാൻ നിർവ്വാഹമില്ലെന്ന് ടിയാളെ അറിയിച്ചിട്ടുണ്ടെന്നും ടി പരാതി സംബന്ധിച്ച് ടിയാൾ ഒന്നാം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീലിന്മേൽ ഡി.വൈ.എസ്.പി.യോട് വിശദീകരണം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ പരാതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ഡി.വൈ.എസ്.പി. എതിർകക്ഷികളോട് ഹാജരാകാൻ ആവശ്യപ്പെട്ടപ്പോൾ മേൽ വിഷയം മുമ്പ് ഡി.വൈ.എസ്.പി. മുമ്പാകെ ഹാജരായി തീർപ്പാക്കിയിട്ടുള്ളതിനാൽ തുടർന്ന് വീണ്ടും ഹാജരാകുവാൻ സാധ്യമല്ലെന്നു കാണിച്ച് കണ്ണൂർ ഡി.വൈ.എസ്.പി.ക്കു

ലഭിച്ച വക്കീൽ നോട്ടീസിൽ പരാതിക്കാരിയെ സംബന്ധിച്ച് യാതൊരു പരാമർശവും ഇല്ല എന്നും വക്കീൽ നോട്ടീസ് ഡി.വൈ.എസ്.പി. കീറിക്കളഞ്ഞതിനാൽ ആയത് നൽകുവാൻ നിർവ്വാഹമില്ല എന്ന് മറുപടി നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും വക്കീൽ നോട്ടീസുമായി ബന്ധപ്പെട്ട് ഒരു അപേക്ഷയും ലഭിച്ചിട്ടില്ലെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *